മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038. KERALA

PHONE 8499 8234

1988 മെയ് 5 | കാരിച്ചാൽ സപ്ളിമെന്റ്



പ: ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ: പ്രധാന കാർമ്മികൻ

# കാരിച്ചാൽ പള്ളി: കൂദാശ ഇന്ന്

സ്റ്റാഫ് എഡിറ്റർ

ഹരിപ്പാട്: പുതുക്കിപ്പണിത കാരിച്ചാൽ സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി കൂദാശാകർമ്മം പരിശുദ്ധ ബസേലിയോസ് മർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഇന്ന് നിർവഹിച്ചു.

ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ്, ഗീവർഗീസ് മാർ ദിയസ്കോറോസ് എന്നീ മെത്രാപ്പാലീത്താമാരും റമ്പാൻ തെയോഫോറോസ്, റമ്പാൻ സി. കെ. ജോസഫ് എന്നിവരും കൂദാശക്ക് സഹകാർമ്മികത്വം വഹിച്ചു.

തുടർന്ന് കൂദാശ ചെയ്യപ്പെട്ട ത്രോണോസുകളിൽ വി. ബലി അനുഷ്ഠിച്ചു.

മെയ് 4 ബുധനാഴ്ച വൈകിട്ട് 4 മണിക്ക് മെത്രാപ്പോലീത്താമാരെ കൈപ്പള്ളി ജംഗ്ഷനിൽനിന്നും പള്ളിയിലേക്ക് സ്വീകരിച്ചാനയിച്ചു. 6 മണിക്ക് ആരംഭിച്ച സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് പള്ളി കൂദാശയുടെ ഒന്നാംഘട്ടം പൂർത്തിയാക്കി. 10 മണിക്ക് കരിമരുന്നു പ്രയോഗം ഉണ്ടായിരുന്നു.

ഉച്ചകഴിഞ്ഞ് 3 മണിക്കു ചേരുന്ന പൊതുസമ്മേളനത്തിൽ പ. ബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിക്കും. സംസ്ഥാന വനംവകുപ്പ മന്ത്രി പ്രൊഫ. എൻ. എം. ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്യും.

ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ, സഭാ വൈദിക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ, എൻ. എസ്. എസ്. ജനറൽ സെക്രട്ടറി പി. കെ. നാരായണപ്പണിക്കർ, മുസ്ളീംലീഗ് സംസ്ഥാന വൈസ് പ്രസിഡൻറ് അഡ്വ. അബ്ദുൾ ലത്തീഫ്, വിദ്വാൻ പള്ളിപ്പാട് കേശവദേവ്, ടി. പി. ഭാസ്ക്കരൻ, സഭാ സെക്രട്ടറി പോൾ മത്തായി, സാറാമ്മ ജേക്കബ്, ഡോ. കെ. സി. ജോസഫ് എം. എൽ. എ. രമേശ് ചെന്നിത്തല എം. എൽ. എ. എന്നിവർ പ്രസംഗിക്കും.

ആഘോഷങ്ങളോടനുബന്ധി

(ശേഷം 3-ാം പേജിൽ)

# അനുസ്മരണയുടെ പന്ത്രണ്ടു പതിററാണ്ടുകൾ

സ്റ്റാഫ് എഡിറ്റർ

പതിമൂന്നാം നൂററാണ്ട്. രാജവാഴ്ചക്കാലം. കാർത്തികപ്പള്ളി രാജാവിന്റെ സേവകവൃന്ദത്തിൽ കാർത്തികപ്പള്ളിക്കാരൻ ഒരു നസ്രാണിപ്രമുഖനും ഉൾപ്പെട്ടിരുന്നു രാജകല്പനയനുസരിച്ച് നസ്രാണിപ്രമുഖന് ഒരു ഞായറാഴ്ച പ്രഭാതത്തിൽ രാജാവിനെ മുഖം കാണിക്കുവാൻ എത്തേണ്ടിയിരുന്നു. ആരാധനാ കാര്യങ്ങളിൽ നിഷ്ഠ കൾ പാലിച്ചിരുന്ന ആ രാജസേവകനു്, കൊട്ടാരം വിട്ടു പള്ളിമുററത്തെത്തിയപ്പോഴേക്കും പള്ളി പിരിഞ്ഞതിനാൽ ആരാധന കാണാൻ കഴിയാതെ വന്നത്രെ! ആ ദുഃഖം മനസ്സിലാക്കിയ രാജാവ് ഹരിപ്പാട്ടു ദേവാലയം പൊളിച്ചു കാർത്തികപ്പള്ളിക്കു മാററുവാൻ കല്പിച്ചു. ഹരിപ്പാട്ടുള്ള ദേവാലയം പൊളിച്ചു മാററുന്നതിനുള്ള രാജകല്പന അറിഞ്ഞ ചേപ്പാട്ടുകാർ അവിടുത്തെ ഇടപ്രഭുവായിരുന്ന കാഞ്ഞൂർ വല്യത്താന്റെ സഹായത്തോടെ രാജസദസ്സിൽ എത്തി പൊളിച്ചു മാററുന്ന ഹരിപ്പാട്ടു പള്ളിയുടെ പകുതി ചേപ്പാട്ട് ഒരു പള്ളി വയ്ക്കുന്നതിലേക്ക് നല്കണമെന്ന് അപേക്ഷിച്ചു. അങ്ങനെ രാജകല്പന പ്രകാരം ഹരിപ്പാട്ടു പള്ളി കാർത്തികപ്പള്ളിയിലും ചേപ്പാട്ടുമായി മാററി സ്ഥാപിക്കപ്പെട്ടുവത്രെ. കാരിച്ചാൽ പ്രദേശത്തുള്ളവർ അതോടെ ചേപ്പാട്ടു പള്ളിയിൽ കൂടി നടന്നുവന്നു.

ചേപ്പാട്ട് പള്ളിയിൽ പോയി ആരാധനയിൽ പങ്കെടുക്കുന്നതിനും കൂദാശകൾ നടത്തുന്നതിനും നൂററാണ്ടുകളായി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടപ്പോൾ കാരിച്ചാലിലുള്ള നസ്രാണികൾ 19-ാം നൂററാണ്ടിൽ നാല് നേർച്ചഭാഗമായി പ്രാർത്ഥനാ ഗ്രൂപ്പുകൾ ഉണ്ടാക്കി. തുടർന്ന് കാരിച്ചാലിൽ ഒരു ദേവാലയം പണിയുന്നതിന് സ്ഥലത്തെ പ്രമുഖ നായർ കുടുംബങ്ങളിലൊന്നായ പാട്ടത്തിൽ കുടുംബത്തിലെ തറവാട്ടു കാരണവരിൽനിന്ന് AD 1870 (ME. 1045) ഇന്നു പള്ളി നിൽക്കുന്ന വാഴത്താററ് പുരയിടം തീറെഴുതി വാങ്ങി.

അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ആ സ്ഥലത്ത് വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ ഒരു ചാപ്പൽ പണിയുന്നതിന് അനുവദിച്ചു. തിരുമനസ്സുകൊണ്ട് ആ വർഷം തന്നെ AD 1870 (ME. 1045) സ്ളീബാ പെരുന്നാൾ ദിവസം താല്ക്കാലികമായി മുളങ്കുട്ടു കൊണ്ടു നിർമ്മിച്ച ചാപ്പൽ കൂദാശ ചെയ്ത് ആദ്യ കുർബ്ബാന അർപ്പിച്ചു. അതോടൊപ്പം സ്ഥായിയായ ദേവാലയത്തിനു ശിലാസ്ഥാപന കർമ്മവും നടത്തി. വിശുദ്ധ കർമ്മാദികൾ നടത്തുന്നതിനു ചേപ്പാട്ട് പള്ളി വികാരി പള്ളിപ്പാട്ട് കൈമവീട്ടിൽ മാത്തൻ കത്തനാരെ ഇടവക വികാരിയായി നിയമിച്ചു. ശവസംസ്കാരത്തിനുള്ള സൗകര്യങ്ങൾ ഇല്ലാ

(ശേഷം 2-ാം പേജിൽ)



ഇന്നു കൂദാശ ചെയ്യുന്ന കാരിച്ചാൽ സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി

# ആത്മീയതയുടെ പടവുകളിലൂടെ


സ്ററാഫ് എഡിററർ



സെൻറ് തോമസ് സുവിശേഷസംഘം പ്രവത്തകർ

കാരിച്ചാൽ സെൻറ്ജോർജ് ഓത്തഡോക്സ് പള്ളിയിൽ സണ്ടേസ്കൂൾ, യുവജന പ്രസ്ഥാനം, മർത്തമറിയം സമാജം, പ്രാത്ഥനായോഗം എന്നീ ആദ്ധ്യാത്മിക സംഘടനകൾ കാര്യക്ഷമമായി പ്രവത്തിച്ചുവരുന്നു. സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററായി സി. ഒ. ജോർജും, മത്തമറിയം സെക്രട്ടറിയായി ജോളി ജേക്കബും യുവജനപ്രസ്ഥാനം യൂണിററ് സെക്രട്ടറിയായി ജിജി ഏബ്രഹാമുമാണ് ഇപ്പോൾ പ്രവത്തിക്കുന്നത്.

സണ്ടേസ്കൂളിൽ 48 വർഷക്കാലം അദ്ധ്യാപനം നടത്തിയിട്ടുള്ള കുറുമുളത്തു് കെ. സി. ഐപ്പ് സണ്ടേസ്കൂൾ അസോസ്യേഷൻെറ പ്രശംസാപത്രം നേടിയിട്ടുള്ളയാളാണ്. സണ്ടേസ്ക്കൂൾ കുട്ടികളുടെ പ്രോത്സഹനാത്ഥം എവർ റോളിംഗ് ട്രോഫിയും, ഷീൽഡും ഏർപ്പെടുത്തിയിട്ടുണ്ടു്. ദിനേശ് തോമസ് ജേക്കബ്, സി. ഐ. ജേക്കബ്, സി. ഐ. മറിയാമ്മ, ടി. സി. മാത്യു,



ഇടവടസ്റ്റി A.E. ജേക്കബ്

ബിജുതോമസ് എന്നീ വിദ്യാത്ഥികൾ, 83 മുതൽ ഷീൽഡും ആനി ഏബ്രഹാം, സി. ഐ. മറിയാമ്മ, അജൻ ചാക്കോ എന്നീ വിദ്യാർത്ഥികൾ, 85 മുതൽ ട്രോഫിയും കരസ്ഥമാക്കിയിട്ടുള്ളവരാണ്. 87–ൽ അഖില മലങ്കരാടിസ്ഥാനത്തിൽ 7–ാം ക്ളാസ് മത്സരപ്പരീക്ഷയിൽ ബിജുതോമസ് ഒന്നാം റാങ്കു നേടുകയുണ്ടായി.

ഈ ഇടവകയിലെ മത്തമറിയം സമാജം എല്ലാ ഞായറാഴ്ചയും കൃത്യമായി പള്ളിയിൽ യോഗം ചേരാറുണ്ടു്. രോഗീ സന്ദർശനം, ഭവനസന്ദർശനം, നോമ്പനുഷ്ഠാനം, വി. കർബാനാനുഭവം, ജീവകാരുണ്യപ്രവത്തനങ്ങൾ എന്നിവക്കു് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഇവരുടെ പ്രവത്തനങ്ങൾ തികച്ചും മാതൃകായോഗ്യമാണ്.

യുവജന പ്രസ്ഥാനത്തിൻെറയും സെൻറ് തോമസ് സുവിശേഷസംഘത്തിൻെറയും സംയുക്താഭിമുഖ്യത്തിൽ എല്ലാ ഞായറാഴ്ചയും ഇടവകയിലെ ഭവനങ്ങളിൽ പ്രാത്ഥനകൾ നടത്തിവരുന്നു. യുവജന പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഇടവകാംഗങ്ങൾക്കു് ജന്മദിനാശംസകൾ അയച്ചു് വി. കുമ്പസാരത്തിനും വി. കുർബാനാനുഭവത്തിനും ആഹ്വാനം ചെയ്യുന്ന നടപടി സഭയിലെ മററു് യുവജനപ്രസ്ഥാനം യൂണിററുകൾക്കും മാതൃകയാക്കാവുന്നതാണ്. ഇവരുടെ ചുമതലയിൽ ഒരു ഗായക സംഘവും പ്രവത്തിച്ചുവരുന്നു. വിവാഹ സഹായനിധി, സാധുസംരക്ഷണനിധി, എന്നിവയുടെ പ്രവത്തനവും ഈ യൂണിററിൽ കൃത്യമായി നടന്നുവരുന്നുണ്ടു്. പള്ളികൂദാശയോടനുബന്ധിച്ചു് യുവജനപ്രസ്ഥാനം വകയായി നിർദ്ധനരായ 5 കുടുംബങ്ങൾക്കു് ഭവനങ്ങൾ നിർമ്മിച്ചു നല്കുവാനുള്ള യുവജന പ്രസ്ഥാനത്തിൻെറ പരിശ്രമം തികച്ചും അഭിനന്ദനാർഹം തന്നെ, ഈ യൂണിററിൻെറ ഒരു സജീവപ്രവത്തകനായിരുന്ന കാഞ്ഞൂർ ദീപ്തിയിൽ ഡോ. കെ. വി. മാത്യുവിൻെറ സ്മരണ നിലനിർത്തുന്നതിനായി ഒരു എവർറോളിംഗ് ഷീൽഡും ഒരു എൻഡോവ്മെൻറും ഏർപ്പെടുത്തിയിട്ടുണ്ടു്. ഈ ഇടവകയിൽ എസ്. എസ്. എൽ. സി. പരീക്ഷക്കു് ഏററവും കൂടുതൽ മാർക്കു കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്കു് ഷീൽഡും ക്യാഷ് അവാർഡും നൽകിവരുന്നു. ഇടവകാംഗങ്ങളിൽ സഭാ വിശ്വാസം ഉറപ്പിക്കുവാൻ യുവജന പ്രസ്ഥാനം വക ഒരു ലൈബ്രറിയും പ്രവത്തിച്ചുവരുന്നു. നിരണം ഭദ്രാസന യുവജനപ്രസ്ഥാനത്തിൻെറ ഓഡിറററായി ഈ യൂണിററിലെ വൈസ് പ്രസിഡൻറ് കെ. ജി. ഐപ്പ് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. യുവജന പ്രസ്ഥാനം സജീവ പ്രവത്തകരായിരുന്ന ജേക്കബ് മാത്യു കോയിക്കൽ, വർക്കി വർഗീസ് മുള



ജനറൽ കൺവീനർ കെ. എം. വറുഗീസ്

ക്കുശേരിൽ എന്നിവർ വൈദിക സെമിനാരിയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തിവരുന്നു.

ആത്മീയ പ്രസ്ഥാനങ്ങൾ എല്ലാംതന്നെ കൈകോർത്തുപിടിച്ചു് ഇടവകയുടെ പുരോഗതിക്കുവേണ്ടി പ്രവത്തിപ്പിക്കുന്നതിൽ വികാരി ഫാ. പി. എം. തോമസ് സദാ ജാഗരൂകനാണ്.

ഹെറാൾഡിൻെറ ആശംസകൾ.

## കാരിച്ചാൽ പള്ളി കൂദാശ (തുടർച്ച)

(1-ാം പേജിൽനിന്നുംതുടർച്ച)

ച്ചു് പള്ളി യുവജന പ്രസ്ഥാനം നിർമ്മിച്ച വീടുകളുടെ താക്കോൽ ദാനം ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നിർവഹിക്കും. മഹാകവി പുത്തൻകാവ് മാത്തൻ തരകൻ സുവനീർ പ്രകാശന കർമ്മം നിർവഹിക്കും.

വൈകിട്ടു് ഇടവകപ്പെരുന്നാൾ ചടങ്ങുകൾ ആരംഭിക്കും. 6.30 ന് സന്ധ്യാ നമസ്ക്കാരവും 9 മണിക്കു് ഭക്തിനിർഭരമായ റാസയും ഉണ്ടായിരിക്കും.

മെയ് 6 വെള്ളിയാഴ്ച രാവിലെ 9 മണിക്കു് പെരുന്നാളിനോടനുബന്ധിച്ചുള്ള വി. മൂന്നിന്മേൽ കുർബ്ബാന നടക്കും. 11 മണിക്കു് നേർച്ച വിളമ്പ്, 3 മണിക്കു് പള്ളിക്കു ചുററുമുള്ള റാസ, സെമിത്തേരിയിലുള്ള ധൂപപ്രാത്ഥന എന്നിവ ഉണ്ടായിരിക്കും. 5 മണിക്കു് കൊടിയിറക്കുന്നതോടെ മെയ് 1 മുതൽ 6 വരെ നീണ്ടുനിന്ന ആഘോഷ ചടങ്ങുകൾക്കു് തിരശ്ശീല വീഴും.

രാത്രി 10 മണിക്കു് ആലപ്പാ തിയേറേറഴ്സിൻെറ 'അഞ്ചാം തിരുമുറിവ്' നാടകവും 1 മണിക്കു് മുല്ലശേരിൽ ശ്രീധരൻ വഴിപാടായി നടത്തുന്ന കരിമരുന്നു പ്രയോഗവും ഉണ്ടായിരിക്കും.

ഏപ്രിൽ 26–ന് പെരുന്നാൾ കൊടിയേററം നടത്തി. മെയ് 1 മുതൽ 4 വരെ തീയതികളിൽ രാവിലെ വി. കർബാന ഉണ്ടായിരുന്നു. വൈകിട്ടു് നടന്ന കൺവൻഷനിൽ കെ. കെ. മത്തായി, ഫാ. വർഗീസ് ജോൺ, ഫാ. പൗലൂസ് ഒ. ഐ. സി. എന്നിവർ പ്രസംഗിച്ചു.

ഫാ. പി. എം. തോമസ് വികാരിയായുള്ള ഈ പള്ളിയിൽ ഇപ്പോൾ എ. ഇ. ജേക്കബ് ട്രസ്റ്റിയും മാത്യു ഐപ്പ് സെക്രട്ടറിയുമാണ്.

പള്ളിയുടെ പുനർനിർമ്മാണത്തിനുവേണ്ടി വിവിധ കമ്മററികളാണ് പ്രവർത്തിച്ചിരുന്നതു്. കൺവീനറന്മാരായി കെ. എം. വർഗീസ് (ജനറൽ കൺവീനർ), എ. ഇ. ജേക്കബ് (ഫൈനാൻസ്,) കെ. എസ്. സ്റ്റീഫൻ (കൺസ്ട്രക്ഷൻ).

കൂടാതെ ആഘോഷച്ചടങ്ങുകൾക്കു്, (റിസപ്ഷൻ) കെ. ജി. നൈനാൻ (ഫുഡ്) പി. ജി. യോഹന്നാൻ, (പബ്ളിസിററി) ഐസക്കു് കെ. ശാമുവേൽ, (ഡിസിപ്ലിൻ) കൊച്ചുകോശിമാത്യു, (സുവിനീർ & സപ്ളിമെൻറ്) കെ. ജി. ഐപ്പ് എന്നിവരും നേതൃത്വം നല്കുന്നു.

1986 ജനുവരി 24–ന് നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഒസ്താത്തിയോസ് പുതിയ ദേവാലയത്തിനു തറക്കല്ലിട്ടു. വെറും രണ്ടര വർഷത്തെ പരിശ്രമഫലമായി വളരെ മനോഹരമായ ഒരു ദേവാലയം പടുത്തുയർത്തി കൂദാശ നിർവ്വഹിക്കുന്ന കാരിച്ചാൽ ഇടവകക്കു് ഹെറാൾഡിൻെറ ആശംസകൾ.

സണ്ടേസ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും വികാരിയോടൊപ്പം



അന്ന M/34 MALANKARA ORTHODOX HERALD SUPPLIMENT Price: Re. 1

..ച്ചാൽ സപ്ളിമെൻറ്

# കാരിച്ചാൽ: കുളമ്പടികളുടെ ശബ്ദം കേട്ടുണരുന്നഗ്രാമം

സ്റ്റാഫ് എഡിററർ

കാരിച്ചാൽ നസ്രാണികളുടെ കാവൽപിതാവായ ഗീവർഗീസ് സഹദാ അവരുടെ വിളിപ്പുറത്ത് എപ്പോഴുമുണ്ടെന്നാണ് വിശ്വസിക്കുന്നത്. അതെക്കുറിച്ച് ജീവിക്കുന്ന കഥകൾതന്നെ അവർക്കിടയിൽ സാക്ഷ്യമായി നിലകൊള്ളുന്നു. പൂർവ്വികർ പറഞ്ഞിട്ടുള്ളതും ഇന്നും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതുമായ നൂറുനൂറു സംഭവങ്ങൾ ...

കുട്ടനാടൻ മേഖലകളിൽ കൊയ്ത്തുകാലം ഗ്രാമോത്സവദിനങ്ങളത്രെ. അന്നൊരു മേടക്കൊയ്ത്തിന് തമിഴ്നാട്ടിൽനിന്നുള്ള ഒരുപററം ഭിക്ഷാടനക്കാർ കാരിച്ചാലെത്തി തമ്പടിച്ചു. വയലേലകളിൽ വീണുകിട്ടുന്ന കതിർകണങ്ങൾ ശേഖരിച്ചും ഭിക്ഷാടനം നടത്തിയും അവർ ഗ്രാമത്തിലാകെ നിറഞ്ഞുനിന്നു.

തമിഴർ തമ്പടിച്ചിരുന്ന കളത്തിട്ടിനരികെയുള്ള ഒരു ബോർമ്മയിൽ പണിയെടുത്തുകൊണ്ടിരുന്ന പുതുവനയിൽ ചാക്കോ ഒരു നിലവിളിയുടെ ശബ്ദം കേട്ടാണ് പുറത്തിറങ്ങി നോക്കിയത്. ഒട്ടിച്ചികളിൽ രണ്ടുപേർ കളത്തിൽ കിടന്നുരുളുന്നു.



ഇടവക സെക്രട്ടറി
മാത്യുഐപ്പ്

വായുവിൽ വീശിയടിക്കുന്ന ചൂരൽക്കമ്പിൻെറ പ്രഹരശബ്ദം.

കുറച്ചുനേരം ഈ അടിയുടെ ശബ്ദവും ഒട്ടിച്ചികളുടെ നിലവിളിയും തുടർന്നുകൊണ്ടിരുന്നു.


തുടർന്ന് ആ പ്രദേശമാകെ ഒരു കുന്തിരിക്കത്തിൻെറ സുഗന്ധം പരന്നു. അകലുന്ന ഒരു കുളമ്പടി ശബ്ദവും.

സഹദാ ..

ചാക്കോയുടെ ചുണ്ടിൽനിന്നും അറിയാതെ ആ ശബ്ദം പുറത്തുവന്നു.

പരിഭ്രാന്തരായ തമിഴരുടെ ആരവാരവത്തിനിടയ്ക്ക് അയാൾ കാര്യം തിരക്കി.

ആ സ്ത്രീകൾ പള്ളിമേടയിൽ കുടിയിരുന്ന പ്രാക്കളെ



പള്ളി പുനർനിർമ്മാണക്കമ്മററിയംഗങ്ങൾ വികാരിയോടൊപ്പം

കൊന്നു ഭക്ഷണമാക്കിയത്രെ! അവരുടെ കുട്ടികളാണ് പ്രാക്കളെ തെററാലികെട്ട് തമ്പിൽ കൊണ്ടുവന്നത്.

അവർക്കും കാര്യം മനസിലായി! മുനിയുടെ ശാപമായിരുന്നു അത് എന്നത്.

പിറേറന്ന് ആളുകൾ നിർദ്ദേശിച്ചതനുസരിച്ച് പള്ളിക്കു മുമ്പിൽ വന്ന് ക്ഷമായാചനം ചെയ്ത് വെളിച്ചെണ്ണ നേർച്ചയും കഴിച്ച് ഭയപ്പാടോടെ തമിഴർ കാരിച്ചാൽ വിട്ട് അക്കരെകയറിയത്രെ! പള്ളിക്കിണററിലുണ്ടായിരുന്ന പുലിവാകമീൻ പള്ളിക്കാരുടെ ഒരു ഹരം തന്നെയായിരുന്നു. വർഷങ്ങളുടെ വളർച്ചയുണ്ടായിരുന്ന പുലിവാക കിണററിൽ തുള്ളിക്കളിച്ചു നീന്തുന്നതു കാണുവാൻ കുട്ടികൾ കിണററു വക്കത്തു കൂട്ടമായിരുന്നത്രെ.

ഒരു ദിവസം ഒരാൾ ഈ പുലിവാകയെ പിടിക്കുവാൻ തന്നെ നിശ്ചയിച്ചു. 'വളർച്ച മുററിയ ഈ മീൻ ഒരു പെരുത്ത ഭക്ഷണത്തിനു തന്നെയുണ്ട്.' രാത്രി ഏറെച്ചെന്നപ്പോൾ ഏറു ചൂണ്ടയുമായി പള്ളിപ്പറമ്പിലെത്തി ആരും ചുററുവട്ടത്തിലെങ്ങുമില്ലെന്നു തീർച്ചയായപ്പോൾ ഏറുചൂണ്ടൽ അയാൾ കിണററിലേക്കിട്ടു.

രാവിലെ പള്ളിപ്പുരയിടത്തിലെത്തിയ ആളുകൾ കണ്ടത്. കരക്കു ചത്തുകിടക്കുന്ന പുലിവാകയെയും അടുത്തുതന്നെ അബോധാവസ്ഥയിൽ കിടക്കുന്ന ആ മനുഷ്യനെയുമാണ്.

എന്തു സംഭവിച്ചുവെന്ന് അയാൾക്കുതന്നെ നിശ്ചയമില്ല.

പുലിവാകയെ ചൂണ്ടലിൽ കുരുക്കി മുകളിൽ വലിച്ചെടുത്തതു മാത്രം അയാൾക്ക് ഓർമ്മയുണ്ട്.

അറിഞ്ഞുകേട്ട് പള്ളിക്കാർ കൂട്ടമായെത്തി.

ചെയ്ത തെററിന് അയാൾ പള്ളിക്ക് പ്രായശ്ചിത്തവും ചെയ്ത് കുനിഞ്ഞ ശിരസുമായി വീടുതേടി. പള്ളിക്കാർ പുലിവാകയെ ലേലം ചെയ്ത് വരുമാനം പള്ളിക്കു മുതൽക്കൂട്ടുകയായിരുന്നു ചെയ്തത്.

ഒരിക്കൽ കാരിച്ചാലിൽ മസൂരിപടർന്നുപിടിച്ചു.

ആളുകൾ മരണപ്പെട്ടുതുടങ്ങി.

മരിച്ചവരുടെ സംസ്കാരച്ചടങ്ങുകളിൽ സംബന്ധിച്ചിരുന്ന ഇപ്പോഴത്തെ പള്ളിമൂപ്പൻെറ അപ്പനും മസൂരി ബാധിച്ചു.

മൂപ്പൻ ഇങ്ങനെയാണതെപ്പററി അനുസ്മരിക്കുന്നത്.

അമ്മ ഒരു മുണ്ടിട്ട് അപ്പനെ പുതപ്പിച്ചുകിടത്തി.

രാത്രിയിൽ വീട്ടിലുള്ള വളർത്തുനായെ അഴിച്ചുവിടുന്ന പതിവുണ്ടായിരുന്നു.

ഏതാണ്ട് രാത്രി 12 മണി സമയം. നായ് അടിയേററു പുളയുംപോലെ നിലവിളിച്ചു.

ചുററിലും എന്തോ ഇളകിവരുംപോലെ ഒരിരപ്പം.

പെട്ടെന്ന് കുന്തിരിക്കത്തിൻെറ സുഗന്ധം എങ്ങും പരന്നു.

അമ്മ കാര്യം മനസിലാക്കി കൈകൂപ്പി കണ്ണുകളടച്ച് സഹദായെ വിളിച്ചു പ്രാർത്ഥിച്ചു.

പെട്ടെന്ന് ഒരു കുളമ്പടി ശബ്ദം അടുത്തുവരുന്നതുപോലെ.

എന്തായാലും...!

രാവിലെ ഉണർന്നപ്പോൾ അപ്പൻ മസൂരിയിൽനിന്ന് മോചിതനായിരുന്നു.

സഹദായുടെ കാവലും പ്രാർത്ഥനയും...

കാരിച്ചാലുള്ള നാനാജാതി മതസ്ഥർക്കും സഹദാ കാവലും കോട്ടയുമായി നിലകൊള്ളുന്നു.

പറയാൻ തുടങ്ങിയാൽ എണ്ണിയാൽ തീരാത്തവണ്ണം ഒട്ടേറെ സംഭവങ്ങൾ.



സപ്ളിമെൻറ് കമ്മററി
കൺവീനർ
കെ. ജി. ഐപ്പ്

അശ്രദ്ധിയോടെ പള്ളിയെ സമീപിച്ചവർക്ക് പിഴകളും വിശ്വാസികൾക്ക് ആശ്വാസത്തിൻെറ നെയ്ത്തിരികളും പകർന്ന് കാരിച്ചാൽ സെൻറ് ജോർജ് പള്ളി ആ ഗ്രാമത്തിൻെറ വിശ്വാസ ബിന്ദുവായി നിലകൊള്ളുന്നു.

സ്ത്രീസമാജാംഗങ്ങൾ വികാരിയുമൊത്ത്



ഹെറാൾഡ് വരിസംഖ്യാ നിരക്ക്
വാർഷികം — 50 രൂ.
2½ വഷം — 100 രൂ.
ആയുഷ്കാലം —1000 രൂ.
വിലാസം
മാനേജർ
ഓർത്തഡോക്സ്
ഹെറാൾഡ്
ദേവലോകം
കോട്ടയം—686 038

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038